**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4480** **10-08-2021 - ൽ മറുപടിയ്ക്ക്**

**ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് മനശാസ്ത്ര സഹായം നൽകിവരുന്ന ജീവനി എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്കു ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani College Mental Awareness Programme” എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 69 സർക്കാർ കോളേജുകളിലായി സൈക്കോളജി കൗൺസിലർമാരെ നിയോഗിച്ച് പദ്ധതി വിജയകരമായി നടത്തി വരുന്നു.കോവിഡ് വ്യാപന നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ കോളേജുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കു ടെലിഫോൺ മുഖേന കൗൺസലിംഗ് നൽകാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ കോളേജുകളിൽ നിയോഗിച്ചിട്ടുള്ള സൈക്കോളജി കൗൺസിലർമാർക്ക് പരിശീലനം നൽകുന്നതിനായി NIMHANS ബാംഗ്ലൂർ, KSMHA (Kerala State Mental Health Authority), തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, കേരള സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ അദ്ധ്യയന വർഷം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ; | (സി) | സർക്കാർ കോളേജുകളിൽ ജീവനി പദ്ധതി പ്രകാരം സൈക്കോളജിസ്റ്റുകളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. സമാനമായ മറ്റു പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല. |
| (ഡി) | കൊറോണയുടെ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി കൂടാതെ മറ്റേതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | സർക്കാർ കോളേജുകളിൽ ജീവനി പദ്ധതി പ്രകാരം സൈക്കോളജിസ്റ്റുകളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് |

| | | | |
|---|---|---|---|
| | | | തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. സമാനമായ മറ്റു പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ